കേൾക്കേണ്ട ശബ്ദം:
ഈ പരിസ്ഥിതിദിനത്തിൽ നാമെടുക്കേണ്ട ഏറ്റവും സുപ്രധാനമായ പ്രതിജ്ഞ പ്രകൃതി മൂലധനത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുമെന്നുള്ളതാണ്.
-വി.എസ്.സുനിൽകുമാർ
(കൃഷി മന്ത്രി)

മക്തബ്

1193 എടവം 22 1439 റംസാൻ 20

കോൺഗ്രസ് മലർന്ന് കിടന്ന് തുപ്പുന്നു

ഒരു ഉപതിരഞ്ഞെടുപ്പ് പോലും സമചിത്തതയോടെ ചർച്ച ചെയ്യാനുള്ള ആരോഗ്യമില്ലായ്മയാണ് ചെങ്ങന്നൂരിൽ നേരിട്ട വൻ തിരിച്ചടിയെ തുടർന്ന് കോൺഗ്രസ് നേതാക്കളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പ്രതികരണങ്ങൾ. പതിവുപോലെ നേതാക്കൾ കൂട്ടമായും ഒറ്റക്കും ഒക്കെ ഡൽഹിയിലേക്ക് തീർത്ഥാടനം തുടങ്ങിയിരിക്കുന്നു. പ്രധാനമായും നേതൃമാറ്റവും മറ്റും ആവശ്യപ്പെട്ടാണ് ഹൈക്കമാന്റിനെ മുഖം കാണിക്കാൻ ചെല്ലുന്നത്. അത് തങ്ങൾക്കോ, അല്ലെങ്കിൽ തങ്ങളുടെ ഗ്രൂപ്പിനോ നേതൃത്വം ലഭിക്കാനുള്ള ചരടുവലി എന്നതിൽ കവിഞ്ഞ് പ്രാധാന്യം അർഹിക്കുന്നുമില്ല. കോൺഗ്രസിന്റെ ആന്തരിക ദൗർബല്യം തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ ഉണ്ടാകാത്ത കാലത്തോളം കേരളത്തിൽ കോൺഗ്രസിന്റെ ഭാവി പ്രത്യാശക്ക് വക നൽകുന്നതുമല്ല.

സംഘടനക്ക് അകത്ത് ജനാധിപത്യം ഇല്ലാത്തതാണ് കേരളത്തിലെ കോൺഗ്രസ് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നേതാക്കളെ പരസ്യമായി വിമർശിക്കുന്നു, വ്യത്യസ്ത ഗ്രൂപ്പുകൾ നിലനിൽക്കുന്നു, അതിനാൽ ഇത്രമാത്രം ജനാധിപത്യം മറ്റ് ഏതൊരു പാർട്ടിയിലുണ്ട് തുടങ്ങിയ അർത്ഥമില്ലാത്ത വാദങ്ങൾ കോൺഗ്രസ് നേതാക്കൾ നിരത്താറുണ്ട്. ഗ്രൂപ്പുകളും ഫ്രാക്ഷനുകളും ഒക്കെ നിലനിൽക്കുന്നത് ജനാധിപത്യത്തിന്റെ അടയാളം തന്നെയാണ്. എന്നാൽ അവ നിലനിൽക്കേണ്ടത് രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാകണം. കോൺഗ്രസിൽ പണ്ടുകാലത്ത് ഗ്രൂപ്പുകൾ നിലനിന്നത് അതിന്റെ അടിസ്ഥാനത്തിലായിരുന്നു. കോൺഗ്രസ് പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ ഗാന്ധിജി പിന്തുണച്ച സ്ഥാനാർത്ഥിയെ നേതാജി തോൽപ്പിച്ച ചരിത്രമുണ്ട് കോൺഗ്രസിന്. ഇന്ദിരാഗാന്ധി എതിർത്തിട്ടും എസ്. ചന്ദ്രശേഖർ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അക്കാലത്തെ ഗ്രൂപ്പുകൾ നിലപാടുകളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടവയായിരുന്നു. എന്നാൽ ഇന്ന് ഏതാനും ചിലരുടെ അധികാരമോഹവുമായി ബന്ധപ്പെട്ടാണ് ഗ്രൂപ്പുകൾ രൂപം കൊള്ളുന്നത്.

അതിനപ്പുറമുള്ള വിഷയം കോൺഗ്രസിൽ ആദ്യകാലത്ത് ഗ്രൂപ്പുകൾ നിലനിന്നത് സംഘടനക്ക് അകത്ത് ജനാധിപത്യത്തിന്റെ നീരൊഴുക്ക് ഉണ്ടായിരുന്നപ്പോഴാണ് എന്നതാണ്. കോൺഗ്രസിൽ കൃത്യമായ അംഗത്വം വിതരണം ഉണ്ടായിരുന്നു. അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ സംഘടന തിരഞ്ഞെടുപ്പ് നടന്നിരുന്നു. അങ്ങനെ സംഘടന നിരന്തരമായി നവീകരിക്കപ്പെടുകയും പ്രവർത്തന സജ്ജമാവുകയും ചെയ്തിരുന്നു. അക്കാര്യത്തിൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടികളെ കണ്ടുപഠിക്കണം. സമ്മേളനങ്ങൾ കൃത്യമായി നടത്തുകയും സമ്മേളന നടത്തിപ്പ് തന്നെ പ്രവർത്തനമായി മാറുകയും ചെയ്യുന്ന രീതി കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുണ്ട്. ഒരേ സ്ഥാനത്ത് നേതാക്കൾക്ക് നിശ്ചിത കാലപരിധി നിർണ്ണയിച്ചിട്ടുണ്ട്. അതിനാൽ സംഘടനക്ക് അകത്ത് പുതിയ കാഡർമാർ ഉയർന്നുവരും.

കോൺഗ്രസിൽ സംഘടന തിരഞ്ഞെടുപ്പ് എന്നത് പുതിയ തലമുറയുടെ ഓർമ്മയിൽ പോലുമുണ്ടാകില്ല. സംഘടന തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ഗ്രൂപ്പ് നേതാക്കൾ സ്ഥാനങ്ങൾ പങ്കിട്ട് എടുക്കുകയും ചെയ്യുകയാണ്. അതിന്റെ ഫലം അണികളുമായി ഒരു ബന്ധവും ഇല്ലാത്തവർ നേതൃസ്ഥാനത്ത് എത്തുന്നുവെന്നതാണ്. അടിത്തട്ടിൽ സംഘടന സംവിധാനം നിശ്ചലമാകുന്നു എന്നതാണ്. ബുത്തു കമ്മിറ്റികൾ ആർക്ക് വേണം. കോൺഗ്രസിന്റെ എത്ര ബൂത്തു കമ്മിറ്റികളുണ്ട് ചലിക്കുന്നതായിട്ട്. അക്കാര്യം ആരെങ്കിലും പരിശോധികാറുണ്ടോ. നേരെമറിച്ച് ബൂത്തുതലം മുതൽ സംഘടന തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ ഒരു പരിധിവരെയെങ്കിലും അർഹതപ്പെട്ടവർ നേതൃസ്ഥാനത്ത് എത്തും.

ഇപ്പോഴുള്ള കോൺഗ്രസിന്റെ കമ്മിറ്റികൾ അശ്ലീല കാഴ്ചയാണ്. മണ്ഡലം കമ്മിറ്റികൾക്ക് 25 ഭാരവാഹികൾ, ബ്ലോക്ക് കമ്മിറ്റികൾക്ക് 30-35 ഭാരവാഹികൾ, ജില്ലാ കമ്മിറ്റികൾക്ക് 50ലേറെ ഭാരവാഹികൾ, അങ്ങനെ പോകുന്നു അശ്ലീല കാഴ്ചകൾ. എന്നാൽ കമ്മിറ്റി യോഗങ്ങൾക്ക് പോലും ബഹുഭൂരിപക്ഷം ഭാരവാഹികൾ എത്താറില്ല എന്നതല്ലേ യാഥാർത്ഥ്യം. ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ധർണ്ണ വച്ചാൽ 25 പേരുപോലും ഉണ്ടാകാറില്ല എന്നതും വസ്തുത. കോൺഗ്രസിന്റെ ഭരണഘടനയിൽ ഭാരവാഹികൾ എത്ര എന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നറിയില്ല. എന്നാൽ പണ്ട് ഇതായിരുന്നില്ല അവസ്ഥ. പ്രസിഡണ്ട്, ഒരു വൈസ് പ്രസിഡണ്ട്, രണ്ടോ, മൂന്നോ സെക്രട്ടറിമാർ, ട്രഷറർ എന്നൊക്കെയായിരുന്നു കണ്ടത്. അതുകൊണ്ട് ഒരു ജില്ലാ കോൺഗ്രസ് സെക്രട്ടറി എന്നതിനൊക്കെ സമൂഹം വില കൽപ്പിച്ചിരുന്നു. എന്നാൽ ഇന്ന് ഒരു ബ്ലോക്കിൽ തന്നെ നാലും അഞ്ചും ജില്ലാ ഭാരവാഹികളെ കാണാം. അതിനാൽ ഭാരവാഹികൾക്ക് വേദിയിൽ കസേരയൊരുക്കാൻ തന്നെ പാടാണ്. വേദിയിലുള്ളവരുടെ അത്രയും അംഗങ്ങൾ സദസിലുണ്ടാവില്ല എന്നത് മറ്റൊരു കാര്യം. ഇങ്ങനെയുള്ള ഒരു സംഘടനക്ക് ജനമനസിൽ എന്ത് സ്ഥാനമാണ് ഉണ്ടാവുക. അതാണ് അടിസ്ഥാന പ്രശ്നം.

കേരളത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ അന്തരീക്ഷത്തിൽ ശക്തമായൊരു പ്രതിപക്ഷം വേണം. ജനാധിപത്യത്തിൽ ഭരണപക്ഷത്തിനൊപ്പം ശക്തമായ പ്രതിപക്ഷവും ഇല്ലെങ്കിൽ അത് ഫാസിസത്തിനുള്ള വഴി വെട്ടിത്തെളിക്കും. കോൺഗ്രസിന് നയിക്കാൻ കഴിയാത്ത പ്രതിപക്ഷം എന്നത് പ്രതിപക്ഷത്തെ തന്നെ ദുർബലമാക്കും. അതുകൊണ്ട് കോൺഗ്രസ് നിവർന്നുനിൽക്കേണ്ടത് കോൺഗ്രസിന്റെ മാത്രമല്ല സമൂഹത്തിന്റെ കൂടി ആവശ്യമാണ്.

ഇനി 8 നാൾ

ലോകകപ്പ് ചരിത്രത്തിലൂടെ–3

നിയാസ് ഇബ്രാഹിം

2006-സിദാന്റെ ഇടിയും ഇതിഹാസങ്ങളുടെ വിടവാങ്ങലും അരങ്ങേറ്റവും

2006 ജർമൻ ലോകകപ്പ് ഓർത്തെടുക്കുമ്പോൾ ആദ്യം ഓടിയെത്തുന്ന ചിത്രം ഫൈനൽ മത്സരത്തിൽ ഇറ്റലിയുടെ മാർക്കോ മറ്റെരാസിയുടെ നെഞ്ചിൽ ഫ്രാൻസിന്റെ സിനനിൻ സിദാൻ തലകൊണ്ടിടിക്കുന്ന രംഗമാണ്. ഇരുടീമുകളും ഓരോ ഗോളടിച്ച് സമനിലയിൽ നിൽക്കുമ്പോൾ എക്സ്ട്രാ സമയത്തിലായിരുന്നു ഫ്രാൻസിനെ തളർത്തിയ സംഭവം അരങ്ങേറിയത്. മറ്റെരാസിയുടെ വാക്കുകൾ അതിരുവിട്ടപ്പോൾ കാളക്കൂറ്റനെ പോലെ സിദാൻ നെഞ്ചിനിടിച്ച് വീഴ്ത്തുകയായിരുന്നു. അന്ന് ചുവപ്പ് കാർഡുമായി സിദാൻ കളം വിടുമ്പോൾ ഫുട്ബോൾ ആരാധകർ തരിച്ചിരിക്കുകയായിരുന്നു. സിദാൻ കയറിയതോടെ ഇറ്റലിക്ക് കാര്യങ്ങൾ എളുപ്പമായി. പെനാൽട്ടി ഷൂട്ടൗട്ടിലൂടെ പതിനെട്ടാമത് ലോകകപ്പിൽ അവർ മുത്തമിട്ടു.

ആഘോഷത്തോടെ ലോകകപ്പിനെത്തിയ ബ്രസിലും ഇംഗ്ലണ്ടുമൊക്കെ നിറംമങ്ങി. റൊണാൾഡിന്യോയും ബെക്കാമും നിഴലുകൾ മാത്രമായി. നിരവധി ഇതിഹാസ താരങ്ങൾ ജഴ്സിയൂരി ചരിത്രത്താളുകളിലേക്ക് മറഞ്ഞതും ജർമൻ ലോകകപ്പോടെയാണ്. പോർച്ചുഗലിന്റെ ലൂയിസ് ഫിഗോ, ജർമനിയുടെ ബലാക്, ഗോളി ഒളിവർഖാൻ, സിദാൻ എന്നിവരായിരുന്നു അവർ. ലയണൽ മെസിയും ക്രിസ്റ്റ്യനോ റൊണാൾഡോയും പന്ത് തട്ടിയ ആദ്യ ലോകകപ്പെന്ന പേരിലും ഭാവിയിൽ ജർമൻ ലോകകപ്പ് അറിയപ്പെടും.

2010-ദിസ് ടൈം ഫോർ ആഫ്രിക്ക

പത്തൊമ്പതാമത് ഫുട്ബോൾ ലോകകപ്പ് അരങ്ങേറിയത് ദക്ഷിണാഫ്രിക്കയിലായിരുന്നു. ചരിത്രത്തിലാദ്യമായാണ് ഒരു ആഫ്രിക്കൻ രാജ്യം ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്. എതിർ ടീമിൽ നിന്നും പന്ത് പിടിച്ചെടുത്ത് കുറിയ പാസുകളുമായി കളി നിയന്ത്രിച്ച് ജയം വരുതിയിലാക്കുന്ന ടിക്കി-ടാക്ക ശൈലിയിൽ പന്ത് തട്ടിയ സ്പെയിൻ ഫൈനലിൽ ഇനിയേസ്റ്റയുടെ ഏക ഗോളിൽ ഹോളണ്ടിനെ വീഴ്ത്തി ആദ്യ ലോകകപ്പ് നേടി. ഘാനയുടെ സെമിഫൈനൽ പ്രവേശനം ഉറുഗ്വായയുടെ ലൂയിസ് സുവരാസിന്റെ കയ്യിൽ തട്ടിത്തെറിച്ചതും ഈ ലോകകപ്പിലാണ്. ഘാനയുടെ ഉറച്ച ഗോൾ ശ്രമം സുവരാസ് ഗോൾ പോസ്റ്റിന് മുമ്പിൽ വെച്ച് കൈകൊണ്ട് തട്ടിയകറ്റി. സുവരാസിന് ചുവപ്പ് കാർഡും ഘാനക്ക് പെനാൽട്ടിയും ലഭിച്ചു. കിക്കെടുത്ത അസമോവ ഗ്യാനിന് പിഴച്ചതോടെ ഘാനയുടെ സെമി സ്വപ്നവും പൊലിഞ്ഞു. മറഡോണ പരിശീലകനായ അർജന്റീനയും ദുംഗയുടെ ബ്രസീലും പ്രതീക്ഷക്കൊത്തുയർന്നില്ല. മികച്ച ഒരുപിടി യുവതാരങ്ങൾ ഈ ലോകകപ്പോടെ വമ്പൻ ക്ലബുകളുടെ നോട്ടപ്പുള്ളികളായി. ജർമനിയുടെ തോമസ് മുള്ളർ, ഓസിൽ, ടോണി ക്രൂസ് തുടങ്ങിയവരായിരുന്നു അവർ. ജർമനിയിലിരുന്ന് കളികൾ പ്രവചിച്ച പോൾ എന്ന നീരാളിയും ടൂർണ്ണമെന്റിലെ സൂപ്പർസ്റ്റാറായി.

2014 ബ്രസീലിനെയും അർജന്റീനയെയും കശാപ്പ് ചെയ്ത് ജർമനി

ബ്രസീലിൽ അരങ്ങേറിയ 2014 ഫുട്ബോൾ ലോകകപ്പിൽ മാരിയോ ഗോട്സെ പകരക്കാരനായിറങ്ങി നേടിയ ഗോളിൽ അർജന്റീനയെ തറപറ്റിച്ച് ജർമനി കിരീടത്തിൽ മുത്തമിട്ടു. ലോകകപ്പ് മത്സരങ്ങളിൽ ആദ്യമായി ഗോൾ ലൈൻ സാങ്കേതിക വിദ്യ, വാനിഷിങ്ങ് സ്പ്രേ എന്നിവ ഉപയോഗിച്ചു. 1950ലെ മറക്കാനാ ദുരന്തം പോലെ ബ്രസീൽ ആരാധകർ മറക്കാനാഗ്രഹിക്കുന്ന ഒരു മത്സരം ഈ ലോകകപ്പിൽ അരങ്ങേറി. നെയ്മറിന്റെ അഭാവത്തിൽ നാട്ടുകാർക്ക് മുന്നിൽ സെമിഫൈനൽ മത്സരത്തിനിറങ്ങിയ ബ്രസീലിനെ ജർമനി ഒന്നിനെതിരെ ഏഴ് ഗോളുകൾക്ക് കശാപ്പ് ചെയ്തു. ഫുട്ബോളിനെ ജീവശ്വാസമായി കരുതുന്ന ബ്രസീൽ ജനതക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ഈ തോൽവി. മെസിയുടെ ചിറകിലേറിയാണ് അർജന്റീന ഫൈനലിലേക്ക് കുതിച്ചത്. ജയിംസ് റോഡ്രിഗ്സ് 6 ഗോൾ നേടി ടോപ് സ്കോററായപ്പോൾ മെസി മികച്ച താരവുമായി. പോൾ പോഗ്ബ എന്ന ഫ്രഞ്ച് താരത്തിന്റെ ഉദയത്തിനും ബ്രസീൽ ലോകകപ്പ് സാക്ഷിയായി. ജർമനിയുടെ മിറോസ്ലാവ് ക്ലോസെ ലോകകപ്പ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരമായി. ബ്രസീലിന്റെ റൊണാൾഡോയുടെ 15 ഗോളുകളെന്ന റെക്കോർഡ് തിരുത്തി. ക്ലാസെ 16 ഗോൾ നേടി. (അവസാനിച്ചു)

ഇനിയേസ്റ്റ

ക്രിസ്റ്റ്യനോ റൊണാൾഡോ

മാരിയോ ഗോട്സെ

ലൂയിസ് ഫിഗോ

മാർക്കോ മറ്റെരാസി

ലയണൽ മെസി

നെയ്മർ

കർഷക പെൻഷൻ ആറായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് കിസാൻമോർച്ച

ആലക്കോട്: രാജസ്ഥാൻ, മദ്ധ്യപ്രദേശ് സർക്കാരുകളുടെ മാതൃകയിൽ കേരളത്തിലെ കർഷകരുടെയും പെൻഷൻ പ്രതിമാസം ആറായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് ബി.ജെ.പി കിസാൻ മോർച്ച ഇരിക്കൂർ നിയോജക മണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു. മറ്റ് സംസ്ഥാനങ്ങൾ ആറായിരം രൂപ പെൻഷൻ നൽകുമ്പോൾ കേരളത്തിൽ ആയിരം രൂപ മാത്രം നൽകുന്നത് കർഷകരെ അവഹേളിക്കുന്ന നടപടിയാണെന്ന് യോഗം ചൂണ്ടിക്കാട്ടി. പി.വി. ബാലൻ അധ്യക്ഷത വഹിച്ചു. പി.വി. നാരായണൻ ഉദ്ഘാടനം ചെയ്തു. എ.ജി. ഗോപിനാഥൻ, രാധ പുല്ലാട്ട്, കെ.എൻ. കൃഷ്ണൻകുട്ടി, പി.പി. മണി പ്രസംഗിച്ചു. തോമസ് വൈദ്യർ സ്വാഗതം പറഞ്ഞു. ഭാരവാഹികളായി പി.വി. ബാലൻ (പ്രസിഡണ്ട്), എ.ജി. ഗോപിനാഥൻ (വൈസ് പ്രസിഡണ്ട്), തോമസ് വൈദ്യർ (ജനറൽ സെക്രട്ടറി), ബാബു പുളിയൻമാക്കൽ, പി.ടി. ബിജു (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

മുസ്ലിം യൂത്ത്‌ലീഗ് തളിപ്പറമ്പ മണ്ഡലം കമ്മിറ്റിയുടെ കിറ്റ് വിതരണോദ്ഘാടനം സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.സുബൈർ നിർവഹിക്കുന്നു

500 നിർധന കുടുംബങ്ങൾക്ക് യൂത്ത് ലീഗ് കിറ്റ് വിതരണം ചെയ്തു

തളിപ്പറമ്പ: മുസ്ലിം യൂത്ത് ലീഗ് തളിപ്പറമ്പ മണ്ഡലം കമ്മിറ്റിയും സമത്വ സദസ്സ് 2018 റംസാൻ റിലീഫ് പ്രസിഡണ്ട് പി.സി.നസീറിന്റെ അദ്ധ്യക്ഷതയിൽ മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.അബ്ദുൾ കരീം ചേലേരി ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ മണ്ഡലത്തിന് കീഴിലുള്ള 80 ശാഖ കമ്മിറ്റികൾ മുഖേന 500 നിർദ്ധന കുടുംബങ്ങൾക്കുള്ള ഭക്ഷണ കിറ്റ് വിതരണം യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പി.കെ.സുബൈർ നിർവഹിച്ചു. അബ്ദുൾ ഷുക്കൂർ ഫൈസി മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ ഇബ്രാഹിംകുട്ടി തിരുവട്ടൂർ, കെ.പി. താഹിർ, എം.പി.എ. റഹീം, പി. മുഹമ്മദ് ഇഖ്ബാൽ, കെ.വി. അബൂബക്കർ ഹാജി, അബൂബക്കർ വായാട്, അസൈനാർ മാസ്റ്റർ, ഹംസ മൗലവി, സി.കെ. മഹമൂദ്, ഷുക്കൂർ പരിയാരം, കൊടിയിൽ സലീം, പി.പി. മുഹമ്മദ് നിസാർ, കുഞ്ഞഹമ്മദ് കുട്ടി മയ്യിൽ, പി.വി. മുഹമ്മദ് റാഫി, എം.കെ. ഹഫീൽ, നൗഷാദ് പുതുക്കണ്ടം, ഓലിയൻ ജാഫർ, കെ.വി. ഉദൈഫ്, ഒ.കെ. ജാസിർ, മുഹമ്മദ് കുഞ്ഞി കുപ്പം, ആസിഫ് ചപ്പാരപ്പടവ്, പി.എ.ഇർഫാൻ, എൻ.യു. ഷഫീഖ് മാസ്റ്റർ, ഫാറൂഖ് മഠത്തിൽ, പി.എം. ലുബാബ് , ഉനൈസ് എരുവാട്ടി, യു.വി. ഇർഫാൻ, സഊദ് പന്നിയൂർ, എം. സുബൈർ, ജാബിർ പാട്ടയം, പി.കെ ഷംസുദ്ധീൻ, പി.കെ. ബഷീർ, സി. ഖാദർ, കെ.കെ. അബ്ദുൾ സമദ് സംസാരിച്ചു.

എം.എസ്.എഫ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ വിജയാരവം-18 സംസ്ഥാന സെക്രട്ടറി നിഷാദ് കെ.സലീം ഉദ്ഘാടനം ചെയ്യുന്നു

എം.എസ്.എഫ് വിജയാരവം സംഘടിപ്പിച്ചു

തളിപ്പറമ്പ: കെ.വി.മുഹമ്മദ്കുഞ്ഞി മാസ്റ്റർ സ്മാരക വിജയാരവം-18 സംഘടിപ്പിച്ചു. മുനിസിപ്പൽ പ്രസിഡണ്ട് കെ.വി.അക്മലിന്റെ അധ്യക്ഷതയിൽ എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി നിഷാദ് കെ.സലീം ഉദ്ഘാടനം ചെയ്തു. കൊങ്ങായി മുസ്തഫ എക്സലിൻസി അവാർഡ്ദാനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിച്ചു. പ്ലസ്ടു അവാർഡ്ദാനം പി.കെ.സുബൈർ, സി.പി.വി.അബ്ദുള്ള, പി.മുഹമ്മദ് ഇഖ്ബാൽ എന്നിവരും എസ്.എസ്.എൽ.സി അവാർഡ്ദാനം കൊടിയിൽ സലീം, പി.പി.മുഹമ്മദ്നിസാർ, പി.സി.നസീർ നിർവഹിച്ചു. എൻ.എം.എം.എസ് സ്കോളർഷിപ്പ് വിജയികൾക്കുള്ള അവാർഡ് ഹനീഫ ഏഴാംമൈലും കെ.വി.എം.കുഞ്ഞി സ്മാരക വിദ്യാഭ്യാസ സഹായ ഫണ്ട് ഉദ്ഘാടനം ഫൈസൽ ചെറുകുന്നോനും നിർവഹിച്ചു. എം.എസ്.എഫ് സംസ്ഥാന ടെക്ഫെഡ് ചെയർമാൻ കെ.വി.ഉദൈഫ് മുഖ്യപ്രഭാഷണം നടത്തി. മുഹമ്മദ്കുഞ്ഞി കുപ്പം, മുസ്തഫ ഹാജി, പി.എ.ഇർഫാൻ, ശറഫുദ്ദീൻ കുപ്പം, ഷബീർ അള്ളാംകുളം സംസാരിച്ചു. പി.എ.വി.ശഫീഖ് സ്വാഗതവും വി.എം.റയീസ് നന്ദിയും പറഞ്ഞു. തുടർന്ന് ഇഫ്ത്താർ സംഗമവും നടന്നു. നൗഫൽ മന്ന, സഫുവാൻ കുറ്റിക്കോൽ, അജ്മൽ പാറാട്, ഷബീബ് മന്ന, മുബഷിർ മുക്കോല, സമീർ കടമ്പേരി, സഫുവാൻ ഏഴാംമൈൽ, ഷബീർ സയ്യിദ്നഗർ, മിസ്ഹബ് അള്ളാംകുളം, ഇഷാഖ്, അമീൻ ബപ്പു മുഹമ്മദ്, ബൂറാൻ നേതൃത്വം നൽകി.

സ്കൂൾ സമയ ടിപ്പറുകൾക്കെതിരെ കർശന നടപടി

ശ്രീകണ്ഠപുരം: കർശന നിയന്ത്രണത്തെ വെല്ലുവിളിച്ച് സ്കൂൾ സമയങ്ങളിൽ രാവിലെയും വൈകീട്ടും ഓട്ടം നടത്തിയ ടിപ്പറുകൾക്കെതിരെ ശ്രീകണ്ഠപുരം പ്രിൻസിപ്പൾ എസ്.ഐ സി. പ്രകാശന്റെ നേതൃത്വത്തിൽ കർശന നടപടി തുടങ്ങി. രാവിലെ സ്കൂളിലേക്ക് കുട്ടികൾ പോകുന്ന സമയത്തും ക്ലാസ് കഴിഞ്ഞ് തിരിച്ചുവരുന്ന സമയത്തും ടിപ്പർ ലോറികൾ സർവ്വീസ് നടത്തരുതെന്ന് നിയമമുണ്ട്. ഇത് ലംഘിച്ച് അമിത വേഗത്തിലോടിച്ച നിരവധി ടിപ്പറുകളെയാണ് ഇന്ന് രാവിലെ എസ്.ഐ നടത്തിയ വാഹന പരിശോധനയിൽ പിടികൂടിയത്. പിടികൂടിയ വാഹനങ്ങൾക്കെതിരെ പിഴ ചുമത്തി. വരും ദിവസങ്ങളിലും കർശന പരിശോധന ഉണ്ടാകുമെന്നും എസ്.ഐ അറിയിച്ചു.

പണി തീർന്നിട്ടും തുറക്കാതെ ചെക്കിക്കടവ് പാലം

ശ്രീകണ്ഠപുരം: പണിപൂർത്തിയായിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഉദ്ഘാടനം ചെയ്യാതെ ചെക്കിക്കടവ് പാലം. ചെങ്ങളായി - മയ്യിൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലം യാഥാർഥ്യമായിട്ട് പത്ത് മാസങ്ങൾ കഴിഞ്ഞു. ഒരു കിലോമീറ്റർ കൊയ്യം-വളക്കൈ ഭാഗത്തേക്കും 1.17 കിലോ മീറ്റർ മയ്യിൽ ഭാഗത്തേക്കുമുള്ള സമീപന റോഡുകളുടെ നിർമാണവും അടുത്തിടെ പൂർത്തിയായി. ചെങ്ങളായിൽ നിന്ന് മയ്യിൽ വഴി എളുപ്പത്തിൽ കണ്ണൂർ മേഖലകളിലേക്കുള്ള എളുപ്പമാർഗമാണ് ചെക്കിക്കടവ് പാലം. നിർമാണം പൂർത്തിയായിട്ടും പാലം ഉദ്ഘാടനം നടത്താതെ നീണ്ടുപോകുന്നതിൽ നാട്ടുകാരിൽ വൻ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. 16.10 കോടി ചെലവിലാണ് പാലം നിർമിച്ചിരിക്കുന്നത്.

ചെക്കിക്കടവ് പാലം.

2011-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് പാലം പണിയുന്നതിന് ഭരണാനുമതി ലഭിച്ചത്. 2013 ജനുവരി 11ന് അന്നത്തെ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞി പ്രവൃത്തി ഉദ്ഘാടനം നിർവഹിച്ചു. തുടക്കത്തിൽ 14 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ് തുക.പിന്നീട് 2.10 കോടി അധികമായി നൽകി. എട്ട് സ്പാനുകളിലായി 210 മീറ്റർ നീളത്തിലാണ് ചെക്കിക്കടവ് പാലം നിർമിച്ചത്. പാലം നിർമാണത്തിനിടെ തൂണുകൾ ചെരിഞ്ഞതും സമീപ റോഡുകളുടെ നിർമാണം ഇഴഞ്ഞു നീങ്ങിയതും ഏറെ വിവാദമായിരുന്നു.

ഇരു ഭാഗങ്ങളിലുള്ള നാട്ടുകാരും കമ്മിറ്റിയും പൂർണസഹകരണം നൽകിയിട്ടും പാലം ഉദ്ഘാടനം അനിശ്ചിതമായി നീണ്ടുപോകുന്നതിൽ ജനങ്ങൾക്ക് ആക്ഷേപമുണ്ട്.

നവലിബറൽ വികസന നയങ്ങൾ പ്രകൃതിക്കും മനുഷ്യനും എതിര്: സനാതനൻ

കരിവെള്ളൂർ: മുതലാളിത്ത ഭരണകൂടങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന നവലിബറൽ നയങ്ങൾ പ്രകൃതിക്കും മനുഷ്യനും എതിരാണെന്നും പരിസ്ഥിതി വിജ്ഞാനീയം രാഷ്ട്രീയ പാർട്ടികളുടെ പ്രത്യയശാസ്ത്രത്തിന്റെ സുപ്രധാന ഭാഗം ആവണമെന്നും പ്രമുഖ രാഷ്ട്രീയ- സാംസ്കാരിക പ്രവർത്തകൻ പി.എൻ. സനാതനൻ അഭിപ്രായപ്പെട്ടു. കാൾമാർക്സിന്റെ 200-ാം ജന്മവാർഷികത്തിന്റെ പശ്ചാത്തലത്തിൽ മാസ്മൂവ്മെന്റ് ഫോർ സോഷ്യലിസ്റ്റ് ആൾട്ടർനേറ്റീവ് സംഘടിപ്പിച്ച പഠന പരിപാടിയിൽ 'വികസനവും പരിസ്ഥിതിയും' മാർക്സിസ്റ്റ് വീക്ഷണത്തിൽ എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. നവലിബറൽ നയങ്ങൾ സൃഷ്ടിക്കുന്ന വിനാശകരമായ സാമ്പത്തിക- സാമൂഹ്യ-പാരിസ്ഥിതിക പ്രതിസന്ധികളെ കുറിച്ച് വ്യാപകമായ ചർച്ചകൾ ഉയർന്നുവരണം. പരമാവധി ലാഭം എന്ന തത്വത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുതലാളിത്ത വ്യവസ്ഥയ്ക്ക് കീഴിൽ വികസനവും പരിസ്ഥിതിയും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരിക്കലും സാധ്യമല്ല. മാർക്സിസം പരിസ്ഥിതി വിഷയങ്ങളെ പരിഗണിക്കാത്ത സിദ്ധാന്തമാണെന്ന വിമർശനം വസ്തുതകൾക്ക് നിരക്കുന്നതല്ല. പരിസ്ഥിതി- വികസന വിഷയങ്ങളെ ശാസ്ത്രീയമായി സമീപിക്കാനുള്ള ഒരു രീതിശാസ്ത്രം മാർക്സ് മുന്നോട്ടുവെച്ചിട്ടുണ്ട്. ശാസ്ത്രീയമായ ഈ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് പുതിയകാലത്തെ പ്രതിസന്ധികളെ അതിജീവിക്കാനുള്ള പുതിയ ധാരണകൾ വികസിപ്പിക്കുകയാണ് വേണ്ടത്. പ്രകൃതി വിഭവങ്ങളുടെ മൂല്യം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തുടങ്ങിയ വിഷയങ്ങളെ സംബന്ധിക്കുന്ന കാലികമായ ധാരണകൾ ഒന്നും തന്നെ അടിസ്ഥാന മാർക്സിസ്റ്റു നിലപാടുകൾക്കന്യമല്ല. പി. മുരളീധരൻ അധ്യക്ഷത വഹിച്ചു. കെ. രാമചന്ദ്രൻ, ഡോ. ഇ. ഉണ്ണികൃഷ്ണൻ, കെ. സുനിൽകുമാർ, കെ.എം. വേണുഗോപാൽ, നിഷാന്ത് പരിയാരം, വിനോദ്കുമാർ രാമന്തളി, കെ. രാജീവ്കുമാർ, വി. വി. ചന്ദ്രൻ, കെ.പി. വിനോദ് ചർച്ചയിൽ പങ്കെടുത്തു.